**പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം**

അമ്പലവയൽ, വയനാട് – 673 593
കേരള കാർഷിക സർവകലാശാല
**മൊബൈൽ:** 9188224421, **ഫോൺ:** 04936 260421/260561
**ഇമെയിൽ:** rarsamb@kau.in / adramb@kau.in

നമ്പർ. ഇ.5343/2025 തീയതി. 27.09.2025

**ക്വട്ടേഷൻ/പരസ്യ ലേലം**

ഈ കേന്ദ്രത്തിൽ 2024- 2025 കാലയളവിൽ ഉൽപാദിപ്പിച്ച ഗുണനിലവാരമുള്ള **ഉണങ്ങിയ അടക്ക (തൊണ്ടുകളഞ്ഞത്-(ഒന്നാംതരം), കശുവണ്ടി (ഒന്നാംതരം), കശുവണ്ടി (രണ്ടാംതരം)** എന്നിവ ക്വട്ടേഷൻ/പൊതുലേലം വഴി വിപണനം നടത്തുന്നു. താൽപ്പര്യമുള്ളവരിൽ നിന്നും മുദ്രവെച്ച ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിൽപ്പനയ്ക്കുള്ള ഉൽപ്പന്നങ്ങളുടെ തൂക്കം | EMD നിരത ദ്രവ്യം | ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും | ദർഘാസുകൾ തുറക്കുന്ന തീയതിയും സമയവും |
|---|---|---|---|
| **ഉണങ്ങിയ അടക്ക -(ഒന്നാംതരം), (തൊണ്ടുകളഞ്ഞത്) -51 Kg** | 750/- | **09.10.2025 11.30 am** | **09.10.2025 12.00 pm** |
| **കശുവണ്ടി (ഒന്നാംതരം) – 620 Kg** | | | |
| **കശുവണ്ടി (രണ്ടാംതരം) – 135 Kg** | | | |

1. ക്വട്ടേഷൻ അടങ്ങുന്ന സീൽ ചെയ്ത കവറിനു പുറത്ത് '**ഉണങ്ങിയ അടക്ക (തൊണ്ടുകളഞ്ഞത്) (ഒന്നാംതരം), കശുവണ്ടി (ഒന്നാംതരം), കശുവണ്ടി (രണ്ടാംതരം) ക്വട്ടേഷൻ/പൊതുലേലം**' എന്ന് രേഖപ്പെടുത്തിയിരിക്കണം.
2. ക്വട്ടേഷൻ സമർപ്പിക്കുന്നതിനുമുമ്പ് വിപണനത്തിനുള്ള ഉൽപ്പന്നങ്ങൾ പരിശോധിക്കാവുന്നതാണ്.
3. ക്വട്ടേഷനോടൊപ്പം നിരത്രവ്യം '**അസ്സോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച് , പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, അമ്പലവയൽ**' എന്ന പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കൊളഗപ്പാറ ശാഖയിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റ് ആയോ ഓഫീസിൽ നേരിട്ട് അടച്ചോ ക്വട്ടേഷനിൽ/ലേലത്തിൽ പങ്കുകൊള്ളേണ്ടതാണ്.
4. നിർദ്ദിഷ്ട സമയത്തിനുശേഷം ലഭിക്കുന്നതും അപൂർണവുമായ ക്വട്ടേഷൻ സ്വീകരിക്കുന്നതല്ല.
5. ക്വട്ടേഷൻ മേൽസൂചിപ്പിച്ച വിലാസത്തിൽ നിശ്ചിത തീയതിയ്ക്കും, സമയത്തിനും മുൻപായി അയക്കേണ്ടതോ, നേരിട്ട് ഓഫീസിൽ എത്തിക്കേണ്ടതോ ആണ്.
6. ഉണങ്ങിയ അടക്ക (തൊണ്ടുകളഞ്ഞത്) (ഒന്നാംതരം), കശുവണ്ടി (ഒന്നാംതരം), കശുവണ്ടി (രണ്ടാംതരം) യുടെ ജി.എസ്.ടി ഇല്ലാത്ത **വിലയാണ്** ക്വട്ടേഷനിൽ കാണിക്കേണ്ടതാണ്. വിലകൾ പ്രത്യേകം ക്വട്ടേഷനിൽ കാണിക്കേണ്ടതാണ്.
7. ഉൽപ്പന്ന വിലയ്ക്ക് പുറമെ ബാധകമായ വിൽപ്പന നികുതി കൂടി അത് വാങ്ങുന്നയാളിൽ നിന്നും ഈടാക്കുന്നതാണ്.
8. ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ/സ്ഥാപനത്തിന്റെ തിരിച്ചറിയൽ രേഖയുടെ പകർപ്പ് ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
9. നിശ്ചിത തീയതി/ സമയത്തിനു മുൻപായി കിട്ടിയ ക്വട്ടേഷനുകൾ അന്നേദിവസം 12.00 മണിക്ക് തന്നെ ഹാജരുള്ള ക്വട്ടേഷൻകാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും ഏറ്റവും കൂടിയ നിരക്ക് രേഖപ്പെടുത്തിയ ക്വട്ടേഷൻ സ്വീകാര്യമാണെന്ന് തോന്നിയാൽ അംഗീകരിക്കുന്നതുമായിരിക്കും. ആവശ്യമെങ്കിൽ സന്നിഹിതരായവരുടെ സാന്നിധ്യത്തിൽ ലേലവും നടത്തുന്നതാണ്.

10. നിരതദ്രവ്യം സമർപ്പിക്കാത്ത ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.

11. ക്വട്ടേഷനിലോ/ പരസ്യ ലേലത്തിലോ ഏതാണ് കൂടുതൽ വില ലഭ്യമാകുന്നതെന്ന് കണക്കിലെടുത്തും , സ്ഥാപന മേലധികാരിക്ക് യുക്തമെന്ന് ബോധ്യപ്പെടുന്നപക്ഷവും മാത്രം ക്വട്ടേഷൻ/ലേലം സ്ഥിരപ്പെടുത്തുന്നതാണ്.

12. ക്വട്ടേഷൻ/ ലേലം ഉറപ്പിച്ചു കഴിഞ്ഞാൽ ലേലം കൊണ്ട ഉല്പ്പന്നത്തിന്റെ മൊത്തം വിലയുടെ **1/3** (മൂന്നിൽ ഒരു ഭാഗം) അപ്പോൾ തന്നെ ക്വട്ടേഷൻ/ ലേലം കൊണ്ടയാൾ ഓഫീസിൽ അടയ്ക്കേണ്ടതാണ്.

13. ക്വട്ടേഷൻ/ലേലം ഉറപ്പിച്ച തുകയുടെ ബാക്കി ഭാഗം **15** (പതിനഞ്ച്) ദിവസത്തിനകം വിൽപ്പന നികുതി അടക്കം ഓഫീസിൽ അടച്ച് സാധനങ്ങൾ നീക്കം ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം നിരതദ്രവ്യം യൂണിവേഴ്സിറ്റിയിൽ മുതൽ കൂട്ടുന്നതും കർശനമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

14. രാവിലെ **10** മണി മുതൽ വൈകുന്നേരം **4** മണിവരെയുള്ള സമയത്ത് പ്രവൃത്തി ദിനങ്ങളിൽ മാത്രമേ ഉൽപ്പന്നം നീക്കം ചെയ്യുവാൻ പാടുള്ളൂ. ഫാമിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ/ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെയോ, സെക്യൂരിറ്റി ജീവനക്കാരുടെയോ അനുവാദത്തോടെ മാത്രമേ ഉൽപ്പന്നം സ്ഥാപന ത്തിൽ നിന്നും നീക്കം ചെയ്യാൻ പാടുള്ളൂ. തൂക്കം നോക്കി, വില ഓഫീസിൽ അടച്ച രസീതി കാണിച്ച ശേഷം മാത്രമേ സാധനം കൊണ്ടു പോകാൻ അനുവദിക്കുകയുള്ളൂ.

15. ക്വട്ടേഷൻ/ലേലം സ്വീകരിക്കുന്നതിനോ, മാറ്റി വെയ്ക്കുന്നതിനോ കാരണം കാണിക്കാതെ നിരസിക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമാണ്.

16. നിലവിലുള്ള സർക്കാർ വ്യവസ്ഥകൾക്ക് അനുസരിച്ച് ആവശ്യമെങ്കിൽ ആദായനികുതി പിടിക്കുന്നതായിരിക്കും.

17. ക്വട്ടേഷൻ/ലേലം ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസമാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം, അതേ സമയം ക്വട്ടേഷൻ/ലേലം സ്വീകരിക്കുന്നതും തുറന്നു പരിശോധിക്കുന്നതും ആണ്.

18. സർക്കാർ ക്വട്ടേഷൻ/ലേലത്തിലെ ബാധകമായ എല്ലാ നിയമങ്ങളും ചട്ടങ്ങളും ഈ ക്വട്ടേഷനും ബാധകമായിരിക്കും.

19. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി സമയത്ത് ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ് **(ഫോൺ: 04936 260421/260561, മൊബൈൽ: 9495552825)**

(ഒപ്പ്)
ഡോ. സി.കെ യാമിനി വർമ്മ
അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്

പകർപ്പ്: കെ.എ.യു വെബ് സൈറ്റ്
നോട്ടീസ് ബോർഡ് (ആർ.എ.ആർ.എസ്, ഫാം ഓഫീസ്, കെ.വി.കെ)
ഫാം സൂപ്രണ്ട്/ ഫാം ഇൻ ചാർജ്/ അമ്പലവയൽ വില്ലേജ് ഓഫീസ്/ അമ്പലവയൽ പഞ്ചായത്ത് ഓഫീസ് / അമ്പലവയൽ കൃഷി ഭവൻ

//ഉത്തരവിൻ പ്രകാരം

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

REGIONAL AGRICULTURAL RESEARCH STATION AMBALAVAYAL WAYANAD KERALA AGRICULTURAL UNIVERSITY